# ഈജിപ്തിൽ അറുപതുകളിലെ ഭീകരത തിരിച്ചുവരുന്നു

പി.കെ നിയാസ്

**ലോകത്തെ** കരുത്തുറ്റ ഇസ്‌ലാമിക പ്രസ്ഥാനമായ ഇഖ്‌വാനുൽ മുസ്‌ലിമൂനെ (മുസ്‌ലിം ബ്രദർഹുഡ്) അതിന്റെ തട്ടകമായ ഈജിപ്തിൽ അടിച്ചമർത്താൻ ഭരണകൂടം ആസൂത്രണം ചെയ്ത ഗൂഢാലോചനകൾ ഒന്നൊന്നായി പ്രയോഗത്തിൽ വന്നു കൊണ്ടിരിക്കുന്നു. ജമാൽ അബ്ദുന്നാസിർ മുതൽ ഹുസ്നി മുബാറക് വരെയുള്ള മർദക ഭരണാധികാരികളുടെ പേടിസ്വപ്നമായ ഇഖ്‌വാൻ അരനൂറ്റാണ്ടായി നിരോധം പേറുന്നുണ്ടെങ്കിലും ജനങ്ങൾക്കിടയിൽ പ്രസ്ഥാനത്തിന് ലഭിക്കുന്ന വൻ സ്വാധീനമാണ് വീണ്ടുമൊരു അടിച്ചമർത്തൽ നടപടിക്ക് ഭരണകൂടത്തെ പ്രേരിപ്പിക്കുന്നത്. ഇഖ്‌വാന്റെ രണ്ടാം ഡെപ്യൂട്ടിയും പ്രമുഖ വ്യവസായിയുമായ മുഹമ്മദ് ഖൈറത്ത് സഅ്ദ് അബ്ദുല്ലത്വീഫ് അൽ ശാതിറിനെ പട്ടാള ട്രൈബ്യൂണലിൽ വിചാരണ ചെയ്യാൻ പ്രസിഡന്റ് ഹുസ്നി മുബാറക് നേരിട്ട് ഉത്തരവു നൽകിയതാണ് അടിച്ചമർത്തൽ നീക്കങ്ങളുടെ ഒടുവിലത്തെ ഉദാഹരണം.

2005-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഏവരെയും അമ്പരപ്പിച്ച് 88 സീറ്റുകളുമായി ഏറ്റവും വലിയ പ്രതിപക്ഷ പാർട്ടിയായതു മുതൽ ഭരണകൂടം അതിന്റെ എല്ലാ ഉപകരണങ്ങളും ഇഖ്‌വാനുനേരെ തിരിച്ചുവെച്ചിരുന്നു. അംഗീകൃത പ്രതിപക്ഷ പാർട്ടികൾ കേവലം 14 സീറ്റുകളിൽ ഒതുങ്ങിയപ്പോഴാണ് ഇഖ്‌വാന്റെ ഉജ്ജ്വല പ്രകടനമെന്നതിനാൽ പാർട്ടിക്കുമേലുള്ള നിരോധനം നീക്കണമെന്ന ചർച്ചകൾ വരെ ഈജിപ്ഷ്യൻ രാഷ്ട്രീയ-സാമൂഹിക മേഖലകളിൽ ആരംഭിച്ച ഘട്ടത്തിലാണ് പുതിയ നടപടികൾ.

ഭരണകൂടത്തിന്റെ പുതിയ നടപടികൾ ആരംഭിക്കുന്നത് ഇക്കഴിഞ്ഞ ഡിസംബറിലാണ്. രാജ്യത്തെ സർവകലാശാലകളിലെ വിദ്യാർഥി കൗൺസിലുകളിലേക്കുള്ള തെരഞ്ഞെടുപ്പിൽ ഇഖ്‌വാന്റെ മുന്നേറ്റം തടയാൻ സൈനികർ പരസ്യമായി ഇടപെടുന്നതിൽ പ്രതിഷേധിച്ച് കാമ്പസുകളിൽ പ്രകടനങ്ങൾ അരങ്ങേറുകയുണ്ടായി. സർവകലാശാലകളിൽ സമാന്തര വിദ്യാർഥി യൂനിയനുകൾ രൂപീകരിച്ചാണ് ഭരണകൂടത്തിന്റെ ജനാധിപത്യവിരുദ്ധ നടപടികളോട് ഇഖ്‌വാൻ വിദ്യാർഥികൾ പ്രതികരിച്ചത്. ഇതിന്റെ പേരിൽ ചിലയിടങ്ങളിൽ വിദ്യാർഥികളെ പിരിച്ചുവിട്ടത് സ്ഥിതി രൂക്ഷമാക്കി. ഇതിനെതിരെ അൽ അസ്ഹർ സർവകലാശാലയിലെ മേധാവിയുടെ ഓഫീസിനു മുന്നിൽ ഡിസംബർ പത്തിന് കറുത്ത യൂനിഫോമും മുഖംമൂടിയും ധരിച്ച് അമ്പതോളം വിദ്യാർഥികൾ നടത്തിയ മാർച്ച് സമാന്തര മിലീഷ്യയെ അവരോധിക്കാനുള്ള ഇഖ്‌വാന്റെ ഗൂഢാലോചനയാണെന്നും രാജ്യസുരക്ഷയുമായി ബന്ധപ്പെട്ട ഗുരുതരമായ പ്രശ്നമാണിതെന്നും ഗവൺമെന്റ് പ്രചരിപ്പിച്ചു. സായുധ മാർച്ച് ആയിരുന്നില്ലെങ്കിലും അതിൽ പങ്കെടുത്തവർ ആയോധന പരിപാടികൾ നടത്തിയത് ഇഖ്‌വാൻ ഭാവിയിൽ അവതരിപ്പിക്കാൻ പോകുന്ന മിലീഷ്യയുടെ മുന്നൊരുക്കമാണെന്ന് ഭരണകൂടവും വിമർശകരും ഒരുപോലെ ആരോപിച്ചു. ലബനാനിലേക്ക് ആയിരക്കണക്കിന് പോരാളികളെ അയക്കാൻ ഇഖ്‌വാന് കെൽപുണ്ടെന്ന് ആഗസ്റ്റിലെ ഇസ്രയേൽ ആക്രമണവേളയിൽ സംഘടനയുടെ കാര്യദർശി മുഹമ്മദ് മഹ്ദി ആകിഫ് നടത്തിയ പ്രസ്താവന ഇതിനവർക്ക് പിടിവള്ളിയുമായി. ഇഖ്‌വാൻ രഹസ്യസംഘടനയാണെന്ന് അതിനു തൊട്ടുമുമ്പ് പ്രധാനമന്ത്രി അഹ്മദ് നസ്വീഫ് ആരോപിച്ചതും കൂട്ടിച്ചേർത്ത് കഥകൾ മെനഞ്ഞെടുക്കുകയായിരുന്നു എതിരാളികൾ.

തലസ്ഥാനമായ കയ്റോയിൽ 270 ഇഖ്‌വാൻ പ്രവർത്തകരെ അറസ്റ്റ് ചെയ്ത് ജയിലിലടച്ചാണ് അസ്ഹറിലെ പ്രതിഷേധത്തോട് ഭരണകൂടം പ്രതികരിച്ചത്. അറസ്റ്റിലായവരിൽ ഇഖ്‌വാന്റെ പ്രമുഖ സാമ്പത്തിക സ്രോതസ്സായ ശാതിർ ഉൾപ്പെടെ 28 പേരുടെ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിക്കുകയും ചെയ്തു. എന്നാൽ ശാതിറിനെയും മറ്റു 15 പേരെയും കസ്റ്റഡിയിൽ വെക്കാൻ മതിയായ കാരണങ്ങൾ ഇല്ലെന്ന് കണ്ടെത്തിയ കോടതി പിന്നീട് ഇവരെ മോചിപ്പിക്കാൻ ഉത്തരവിട്ടെങ്കിലും അധികൃതർ വഴങ്ങിയില്ല. സംശയമുള്ളവരെ അറസ്റ്റ് ചെയ്ത് തടവിലിടാൻ പോലീസിന് വിപുലമായ അധികാരങ്ങൾ നൽകുന്ന അടിയന്തരാവസ്ഥയുടെ ബലത്തിൽ ശാതിറിനെ ജയിലിൽ തന്നെ പാർപ്പിക്കാൻ പ്രോസിക്യൂട്ടർമാർ ഉത്തരവിടുകയായിരുന്നു. അദ്ദേഹത്തിനെതിരെ സാമ്പത്തിക കുറ്റങ്ങളും ഇതിനകം ചുമത്തിയിരുന്നു. 1981-ൽ പ്രസിഡന്റ് അൻവർ സാദാത്ത് വധിക്കപ്പെട്ടതിനെ തുടർന്ന് ഏർപ്പെടുത്തിയ അടിയന്തരാവസ്ഥ കാൽ നൂറ്റാണ്ടിലേറെയായി ഈജിപ്തിൽ തുടരുകയാണ്. ഇത്രയും കാലം രാജ്യത്തിന്റെ പരമോന്നത പദവിയിൽ ഏകാധിപതിയായി വാണരുളുകയാണ് ഹുസ്നി മുബാറക്. അടിയന്തരാവസ്ഥയിൽ നിലനിൽക്കുന്ന ഏറ്റവും പിന്തിരിപ്പൻ നിയമമാണ് സിവിലിയന്മാരെ സൈനിക കോടതി മുമ്പാകെ വിചാരണ ചെയ്ത് ശിക്ഷിക്കാമെന്നത്. സൈനിക കോടതികളും രഹസ്യപ്പോലീസും (മുഖാബറാത്ത്), അബൂ ഗുറൈബിന്റെയത്ര എത്തില്ലെങ്കിലും കുപ്രസിദ്ധമായ ലിമാൻതുറ ജയിലും ജനാധിപത്യത്തിന്റെ തോലണിഞ്ഞ മുബാറക് ഭരണകൂടത്തിന്റെ മുഖമുദ്രകളാണ്.

ശാതിറിനു പുറമെ അറസ്റ്റിലായവരിൽ മറ്റൊരു പ്രമുഖൻ ഡോ. മുഹമ്മദലി ബിശ്റാണ്. അദ്ദേഹവും ഇഖ്‌വാൻ കാര്യദർശി ആകിഫിന്റെ ഡെപ്യൂട്ടിയാണ്. പ്രസ്ഥാനത്തിന്റെ സാമ്പത്തിക സോത്രസ്സ് എന്ന് വിശേഷിപ്പിക്കാവുന്നവരെയൊക്കെ തെരഞ്ഞുപിടിച്ച് സാമ്പത്തിക കുറ്റമാരോപിച്ച് തടവിലാക്കി. ഇവരുടെ പേരിലുള്ള വ്യാപാര സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയും ഇഖ്‌വാന്റെ നിരവധി പ്രസിദ്ധീകരണശാലകൾ സീൽവെക്കുകയും ചെയ്തു. ഭരണകൂടത്തിന്റെ ഇത്തരം നടപടികൾ കാരണം പ്രസ്ഥാനത്തിന് പരോക്ഷമായി 50 കോടി ഈജിപ്ഷ്യൻ പൗണ്ടിന്റെ (ഉദ്ദേശം മുന്നൂറ് കോടി രൂപ) നഷ്ടം സംഭവിച്ചുവെന്നാണ് *അൽ അഹ്റാം* ദിനപത്രം ('07 ജനു. 13) റിപ്പോർട്ട് ചെയ്തത്. ഇതിനു പുറമെ ഇഖ്‌വാന്റെ ഇംഗ്ലീഷ് വെബ്സൈറ്റിന് (www.ikhwanweb.com) മുബാറക് ഭരണകൂടം ഈജിപ്തിൽ വിലക്കേർപ്പെടുത്തിയതായി സംഘടനയുടെ അറബിക് സൈറ്റിൽ (www.ikhwanonline.com) ജനുവരി ആറിന്

വാർത്ത പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ ഇതെഴുതുമ്പോൾ ഖത്തർ ഉൾപ്പെടെയുള്ള ഗൾഫ് രാജ്യങ്ങളിൽ ഇംഗ്ലീഷ് വെബ്സൈറ്റ് ലഭ്യമല്ല.

അൽഅസ്ഹറിലെ പ്രകടനം മിലീഷ്യാ സ്വഭാവത്തിലുള്ളതാണെന്ന് പത്രങ്ങളും ചാനലുകളും വിലയിരുത്തിയത് ഭരണകൂടത്തിന് അനന്തര നടപടികൾ എളുപ്പമാക്കി. രാജ്യസുരക്ഷ അപകടപ്പെടുത്തുന്ന പ്രവർത്തനമാണ് ഇഖ്‌വാനുൽ മുസ്‌ലിമൂൻ നടത്തുന്നതെന്ന് ജനുവരി 12-ന് പ്രസിഡന്റ് മുബാറക് പ്രസ്താവിച്ചതോടെ ഇസ്‌ലാമിസ്റ്റുകളെ അടിച്ചമർത്താൻ തന്നെയാണ് ഭരണകൂടത്തിന്റെ പുറപ്പാടെന്ന് വ്യക്തമായി. മതകീയ പാർട്ടികളെ നിരോധിക്കാൻ ഭരണഘടനയിൽ ആവശ്യമായ ഭേദഗതികൾ വരുത്തുമെന്നും മുബാറക് പ്രഖ്യാപിച്ചു.

എന്നാൽ പ്രസിഡന്റിന്റെ ഇത്തരം നീക്കങ്ങൾ പുത്രൻ ജമാൽ മുബാറകിനെ പിൻഗാമിയായി വാഴിക്കാനുള്ള തന്ത്രങ്ങളുടെ ഭാഗമാണെന്ന് ഈജിപ്തിന്റെ താൽപര്യങ്ങൾക്ക് വിരുദ്ധമായ എന്തെങ്കിലും ചെയ്തികൾ തങ്ങളുടെ ഭാഗത്തുനിന്ന് ഉണ്ടായെന്ന് തെളിയിക്കാൻ മുബാറകിന് കഴിയുമോയെന്നു വെല്ലുവിളിച്ചെങ്കിലും സംവാദത്തിനു പകരം കൈയൂക്കിന്റെ മാർഗമാണ് ഭരണകൂടം തുടർന്നും സ്വീകരിച്ചത്. ഇഖ്‌വാന് സൈനിക വിഭാഗം ഇല്ലെന്നും വിദ്യാർഥികൾ കായികപ്രകടനം നടത്തുക മാത്രമാണ് ചെയ്തതെന്നും മഹ്ദി ആകിഫ് *അൽ മസ്‌രി അൽ യൗം* പത്രവുമായുള്ള അഭിമുഖത്തിൽ വിശദമാക്കുകയുണ്ടായി. മാത്രമല്ല, തങ്ങളുടെ പ്രതിഷേധ പ്രകടനം വിവാദമായ പശ്ചാത്തലത്തിൽ വിദ്യാർഥികൾ ക്ഷമാപണം നടത്തുകയും ചെയ്തിരുന്നു. ആക്രമണങ്ങളെ ഇഖ്‌വാൻ അംഗീകരിക്കുന്നില്ലെന്നും പ്രശ്നപരിഹാരത്തിന് ബലപ്രയോഗം നടത്തുന്നതിനെ തങ്ങൾ എതിർക്കുന്നുവെന്നും അഭിമുഖത്തിൽ അദ്ദേഹം വ്യക്തമാക്കുന്നു.

നിരോധിത പ്രസ്ഥാനമാണെങ്കിലും പാർലമെന്റിലെ അഞ്ചിലൊരു ഭാഗം സീറ്റുകൾ കൈവശമുള്ള ഇഖ്‌വാൻ അടുത്ത പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ സ്ഥാനാർഥിയെ നിർത്താനുള്ള സാധ്യതകൾ മുന്നിൽകണ്ട് നിയമനിർമാണം നടത്താൻ സർക്കാർ ഒരുങ്ങുന്നുണ്ട്. അതിന് പിൻബലമേകാൻ ഇഖ്‌വാനിൽ രാജ്യദ്രോഹകുറ്റം കൂടി ചാർത്തുന്നതോടെ കാര്യം എളുപ്പമാകുമെന്നാണ് ഭരണകൂടം കരുതുന്നത്. മതപാർട്ടികളെ നിരോധിക്കുന്നതോടൊപ്പം അംഗീകാരമുള്ള ദുർബല രാഷ്ട്രീയ പാർട്ടികൾക്ക് മത്സരിക്കാൻ അവസരവും നൽകുന്ന തരത്തിലുള്ള ഭേദഗതിയാണ് മുബാറകിന്റെ മനസ്സിലിരിപ്പ്. സ്വതന്ത്ര സ്ഥാനാർഥികൾക്ക് പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ പാർലമെന്റിന്റെ ഉപരിസഭയിലെ 25 അംഗങ്ങളുടെയും അധോസഭയിലെ 160 അംഗങ്ങളുടെയും അംഗീകാരം വേണം. ഇത് ഇഖ്‌വാന് പ്രതികൂലമാകാനാണ് സാധ്യത. ഇസ്‌ലാമിസ്റ്റുകളെ ഒറ്റപ്പെടുത്തുന്നതിനാവശ്യമായ ഭരണഘടനാ ഭേദഗതികൾക്ക് പിന്തുണ തേടി ജമാൽ മുബാറക് ഈയിടെ മറ്റു പ്രതിപക്ഷ പാർട്ടി നേതാക്കളുമായി ചർച്ച നടത്തിയിരുന്നു. എൺപതുകളിൽ ഇത്തരം വിലക്കുകൾ മറികടക്കാൻ പ്രതിപക്ഷ പാർട്ടികളുമായി ഇസ്‌ലാമിസ്റ്റുകൾ സഖ്യമുണ്ടാക്കിയത് ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതലാണിതെന്ന് നിരീക്ഷകർ വിലയിരുത്തുന്നു. മുബാറകിന്റെ ഭേദഗതികളോട് ദേശീയവാദികളായ വഫ്ദും ഇടതുപക്ഷ പാർട്ടിയായ അത്തജമ്മുഉം യോജിപ്പ് പ്രകടിപ്പിച്ചതായാണ് റിപ്പോർട്ട്.

ഇപ്പോൾ നടക്കുന്നതൊക്കെ വ്യക്തമായ രാഷ്ട്രീയ അജണ്ടയുടെ അടിസ്ഥാനത്തിൽ ഭരണകൂടം നടപ്പിലാക്കുന്ന പരിപാടികളാണെന്ന് ഇഖ്‌വാന്റെ പ്രഥമ ഡെപ്യൂട്ടി ഡോ. മുഹമ്മദ് സഊദ് അൽ ഹബീബ് ഓർമിപ്പിക്കുന്നു. മുബാറകിന്റെ പുത്രൻ ജമാലിന്റെ സ്ഥാനാരോഹണത്തിന് അവസരമൊരുക്കാനും അഭിപ്രായ സ്വാതന്ത്ര്യമടക്കമുള്ള മനുഷ്യാവകാശങ്ങൾ നിഷേധിക്കാനുമുള്ള നീക്കങ്ങളാണിതെന്നും അദ്ദേഹം പറയുന്നു. ഇഖ്‌വാൻ മുൻകൈയെടുത്ത് രാഷ്ട്രീയ പാർട്ടി രൂപീകരിക്കുമെന്ന് ഡിസംബറിൽ മഹ്ദി ആകിഫ് പ്രഖ്യാപിച്ചിരുന്നു. ഇസ്‌ലാമിനെ അടിസ്ഥാനമായി സ്വീകരിച്ച് അമുസ്‌ലിംകൾക്ക് കൂടി അംഗത്വം നൽകുന്ന ജനകീയ സംഘടനയായിരിക്കും പുതിയ പാർട്ടിയെന്നും അദ്ദേഹം വ്യക്തമാക്കുകയുണ്ടായി. എന്നാൽ ഇഖ്‌വാന്റെ അത്തരം നീക്കങ്ങളും സമ്മതിക്കില്ലെന്നാണ് ഭരണകൂടത്തിലെ ഒരു പ്രമുഖൻ *അൽ അഹ്റാം* പത്രത്തോട് പറഞ്ഞത്.

ഇഖ്‌വാന്റെ പ്രവർത്തനങ്ങൾ മതകീയാടിസ്ഥാനത്തിലുള്ളതല്ലെന്നും ഈജിപ്തിലെ ജനങ്ങളുടെ പ്രശ്നങ്ങളിൽ സജീവമായി ഇടപെടുന്ന പ്രസ്ഥാനത്തിന് മതപരമായ വിവേചനങ്ങൾ ഉൾക്കൊള്ളാനാവില്ലെന്നും ആകിഫ് വ്യക്തമാക്കുന്നു. കോപ്റ്റിക് ക്രിസ്ത്യാനികൾ ഉൾപ്പെടെയുള്ള ന്യൂനപക്ഷ വിഭാഗങ്ങൾ പാർട്ടിയെ പിന്തുണക്കുന്നതും പാർലമെന്റ് തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ അവർക്ക് സീറ്റ് നൽകിയതും അദ്ദേഹം ഉദാഹരിച്ചു. ആദ്യ റൗണ്ടിൽ മത്സരിച്ച കോപ്റ്റിക് സ്ഥാനാർഥിയും വനിതയുമായ മോന മക്റം ഉബൈദി അവരിലൊരാളാണ്. ഇഖ്‌വാന്റെ ഉറച്ച സീറ്റുകളായ വെയിലി, ഗോർബൽ മണ്ഡലങ്ങളിൽ കോപ്റ്റിക്കുകൾ മത്സരിക്കുന്നതിനാൽ സ്ഥാനാർഥികളെ നിർത്താതെ അവരെ പിന്തുണക്കുകയായിരുന്നു ഇസ്‌ലാമിസ്റ്റുകൾ.

പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഹുസ്നി മുബാറകിന്റെ പാർട്ടി വ്യാപകമായി കൃത്രിമം നടത്തിയിട്ടും ഇസ്‌ലാമിസ്റ്റുകൾ വൻ കുതിപ്പ് നടത്തിയതോടെ സംഘടനയെ വരിഞ്ഞുമുറുക്കാൻ ഭരണകൂടം ചരടുകൾ തയാറാക്കിവെച്ചിരുന്നു. അൾജീരിയയിലേതുപോലെ ഇസ്‌ലാമിസ്റ്റുകൾക്ക് നേരിയ രീതിയിലുള്ള മേൽക്കൈ പോലും മുബാറക് ഭരണകൂടം അനുവദിക്കില്ലെന്നതിന്റെ സൂചനകളാണ് ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. ട്രേഡ് യൂനിയൻ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ ഇഖ്‌വാന് വിലക്കേർപ്പെടുത്തിയത് ഈ വർഷത്തെ പ്രസിഡന്റ് തെരഞ്ഞെടുപ്പിന്റെ മുന്നോടിയായി വേണം കാണാൻ. അമ്പതുകളിലും അറുപതുകളിലും ഇഖ്‌വാനികളെ അടിച്ചമർത്തിയ കാലം തിരിച്ചുവരാനുള്ള സാധ്യതകൾ ചില നിരീക്ഷകരെങ്കിലും ചൂണ്ടിക്കാട്ടുന്നു. അതിനാൽ ഇഖ്‌വാൻ കരുതലോടെ നീങ്ങേണ്ടിയിരിക്കുന്നു. ■